**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2847** **18.08.2017 ൽ മറുപടിയ്ക്ക്**

## ചെറുവള്ളി എസ്റ്റേറ്റ് കൈമാറ്റം

**ചോദ്യം**
**ശ്രീ.പി.ടി. തോമസ്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**

**മറുപടി**
**ശ്രീ.ഇ. ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| (എ) | ഹാരിസൺ പ്ലാന്റേഷന്റെ അധീനതയിലുള്ള ചെറുവള്ളി എസ്റ്റേറ്റ് ഉൾപ്പെടെയുള്ള 3800 ഏക്കർ സ്ഥലം സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ; | (എ)കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിൽ മലയാളം പ്ലാന്റേഷൻസ് (യു.കെ) ലിമിറ്റഡ് 1947 ന് മുമ്പ്കൈവശം വച്ചിരുന്ന ചെറുവള്ളി എസ്റ്റേറ്റ് ഉൾപ്പെടെ 38,170.92 ഏക്കർ ഭൂമി സർക്കാരിലേക്ക് ഏറ്റെടുക്കുന്നതിനായി സ്പെഷ്യൽ ഓഫീസർ 1958 ലെ കേരള ഭൂസംരക്ഷണ ചട്ടങ്ങളിലെ ചട്ടം 11 പ്രകാരം അന്തിമ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഭൂമി നിലവിൽ കൈവശം വയ്ക്കുന്നത് ഹാരിസൺസ് മലയാളം ലിമിറ്റഡ് അവരിൽ നിന്നും ഭൂമി വാങ്ങിയവർ, മറ്റു കയ്യേറ്റക്കാർ എന്നിവരാണ്. |
| (ബി) | പ്രസ്തുത ഏറ്റെടുക്കൽ നടപടി കേരള ഹൈക്കോടതിയുടെ സിംഗിൾ ബഞ്ച് അംഗീകരിച്ചിട്ടുണ്ടോ; | (ബി) പ്രസ്തുത ഏറ്റെടുക്കൽ ഉത്തരവുകൾക്കെതിരെ ടി കമ്പനികളും, കക്ഷികളും വിവിധ റിട്ട് ഹർജ്ജികൾ ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത റിട്ട് ഹർജ്ജികൾ കൂടുതൽ കേൾക്കുന്നതിനായി 25.11.2015 ലെ 'റഫറൻസ് ഉത്തരവ് പ്രകാരം ബഹു.ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ചിന് കൈമാറിയിട്ടുണ്ട്. 25.11.2015 ലെ റഫറൻസ് ഓർഡറിൽ, സ്പെഷ്യൽ ഓഫീസർ പ്രസ്തുത ഭൂമി സർക്കാർ ഭൂമിയാണെന്ന് പ്രഖ്യാപിക്കുന്നതിന് വേണ്ടി പുറപ്പെടുവിച്ച കെ.എൽ.സി ചട്ടം 11 പ്രകാരമുള്ള കാര്യകാരണങ്ങൾ വളരെ ഗൗരവപരമായും, സർക്കാരിന്റെ നടപടി സാധൂകരിക്കുന്ന രീതിയിലും നിരീക്ഷിച്ചിട്ടുണ്ട്. പ്രസ്തുത ഓർഡറിൽ മലയാളം പ്ലാന്റേഷൻസ് (യു.കെ) ലിമിറ്റഡ് വിദേശത്ത് രജിസ്റ്റർ ചെയ്ത കമ്പനിയാണെന്നും ഇന്ത്യയിൽ രജിസ്റ്റർ ചെയ്തിരുന്നില്ലെന്നും കണ്ടെത്തിയിട്ടുണ്ട്. 1947 ന് ശേഷം ഇന്ത്യയിൽ തുടരാനുള്ള അനുമതി 1947, 1952, 1973 എന്നീ വർഷങ്ങളിലെ ഫെറ (FERA) നിയമപ്രകാരം നേടിയിരുന്നില്ല എന്ന് പ്രഥമദൃഷ്ട്യാ നിരീക്ഷിച്ചിട്ടുണ്ട്. കേരള ഭൂപരിഷ്കരണ നിയമത്തിലെ കർഷക കുടിയാനായിരുന്ന തങ്ങളുടെ മുൻഗാമിയായ മലയാളം പ്ലാന്റേഷൻസ് (യു.കെ) ലിമിറ്റഡ് എന്ന ഹർജ്ജിക്കാരുടെ വാദം നിലനിൽക്കുന്നതല്ല എന്നും ബഹു.ഹൈക്കോടതി വളരെ ഗൗരവമായി നിരീക്ഷിച്ചിട്ടുണ്ട്. വിദേശ കമ്പനികളും, പൗരൻമാരും കേരള ഭൂപരിഷ്കരണ നിയമത്തിലെ പേഴ്സൺ എന്ന ഗണത്തിൽപ്പെടില്ല എന്ന കാര്യവും ബഹു. ഹൈക്കോടതി നിരീക്ഷിച്ചിട്ടുണ്ട്. എന്നാൽ വിവിധ ലാൻഡ് ബോർഡുകൾ, ലാൻഡ് ട്രൈബ്യൂണലുകൾ, കോടതികൾ എന്നിവ നിലവിലെ |

| | | |
|---|---|---|
| | | ഹർജ്ജിക്കാർക്കും അവരുടെ മുൻഗാമികൾക്കും അനുകൂലമായ വിധിന്യായങ്ങളും, ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ അവയിൽ ഒരു തീരുമാന മെടുക്കുന്നതിനാണ് ടി റിട്ടുകൾ രണ്ടംഗങ്ങൾ ഉൾക്കൊള്ളുന്ന ഡിവിഷൻ ബഞ്ച് കേൾക്കുന്നതിനായി 25.11.2015 ൽ റഫർ ചെയ്തിട്ടുള്ളത്. പ്രസ്തുത ഭൂമി സർക്കാർ ഭൂമിയാണെന്ന് പ്രഖ്യാപിച്ച ഉത്തരവുകളുടെ തൽസ്ഥിതി തുടരാനും, ഹർജ്ജിക്കാർ ടി ഭൂമി കൈമാറാനോ, കടപ്പെടുത്താനോ പാടില്ല എന്ന കർശന നിർദ്ദേശവും, ബഹു.ഹൈക്കോടതി നൽകിയിട്ടുണ്ട്. |
| (സി) | ഹാരിസൺ കമ്പനി ബിലീവേഴ്സ് ചർച്ചിന് ചെറുവള്ളി എസ്റ്റേറ്റ് കൈമാറ്റം നടത്തിയത് സംബന്ധിച്ച പോക്കുവരവ്, ബന്ധപ്പെട്ട ആർ.ഡി.ഒ. റദ്ദാക്കിയിട്ടുണ്ടോ; അതിനുശേഷം ചെറുവള്ളി എസ്റ്റേറ്റിന്റെ ഭൂനികുതി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; | (സി) റദ്ദാക്കിയിട്ടുണ്ട്. കോട്ടയം ആർ.ഡി.ഒ യുടെ 19.06.2009 ലെ എം-5679/2008-ാം നമ്പർ ഉത്തരവ് പ്രകാരം കാഞ്ഞിരപ്പള്ളി താലൂക്കിലെ എരുമേലി തെക്ക്, മണിമല വില്ലേജാഫീസുകൾ മുഖേന നടന്ന പോക്കുവരവ് നടപടി റദ്ദുചെയ്തിട്ടുണ്ട്. ആയതിന് ശേഷം ഭൂനികുതി സർക്കാർ സ്വീകരിക്കുന്നില്ല. |
| (ഡി) | ചെറുവള്ളി എസ്റ്റേറ്റിലെ ഏറ്റെടുത്ത 2264 ഏക്കർ സ്ഥലത്താണോ വിമാനത്താവളം നിർമ്മിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുള്ളത്; | (ഡി) കേരള ഭൂസംരക്ഷണ നിയമത്തിലെ ചട്ടം 11 പ്രകാരം സർക്കാർ നിയോഗിച്ച സ്പെഷ്യൽ ഓഫീസർ 28.05.2015 ൽ ജി.എൽ.ആർ (എൽ.ആർ) 90/2014-ാം നമ്പർ അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം എരുമേലി സൗത്ത്, മണിമല വില്ലേജുകളിൽ ഉൾപ്പെടുന്ന 2264 ഏക്കർ വരുന്ന ചെറുവള്ളി എസ്റ്റേറ്റ് സർക്കാർ ഭൂമിയാണെന്ന് പ്രഖ്യാപിക്കുകയും, ഏറ്റെടുക്കാൻ ഉത്തരവ് നൽകുകയും ചെയ്തു. ടി സ്ഥലമാണ് വിമാനത്താവളം നിർമ്മിക്കുന്നതിന് അനുയോജ്യമെന്ന് കണ്ടെത്തിയിരിക്കുന്നത്. |
| (ഇ) | സർക്കാരിന് അവകാശപ്പെട്ട സ്ഥലം വില കൊടുത്ത് വാങ്ങി വിമാനത്താവളം സ്ഥാപിക്കുന്നതിലെ അനൗചിത്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ ? | (ഇ) ഈ സ്ഥലം ഏറ്റെടുക്കുന്നതിന് സ്വീകരിക്കേണ്ട മാനദണ്ഡങ്ങൾ സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ